പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1927 — 25.03.2013 ൽ മറുപടിക്ക്

## നെൽവയൽ -നീർത്തട സംരക്ഷണ നിയമം ലംഘിക്കുന്നവർക്കെതിരെ നടപടി

ചോദ്യം — മറുപടി

ശ്രീ.ജി.എസ്.ജയലാൽ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി

(എ) സംസ്ഥാനത്ത് നിലവിലുള്ള നെൽവയൽ-നീർത്തട സംരക്ഷണ നിയമം പരിപാലിക്കപ്പെടുന്നുണ്ടോ എന്ന് വിലയിരുത്തുവാനും നിയമലംഘനം നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുവാനോ ശുപാർശചെയ്യുവാനോ സംസ്ഥാന പോലീസിലെ ഏതെങ്കിലും വിഭാഗത്തിന് അധികാരം നല്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ;

(ബി) മേൽ സൂചിപ്പിച്ച വിധമുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; ആയത് പ്രയോജനപ്രദമാണെന്ന് ബോധ്യമുണ്ടോ;

(സി) ഇതിനായി പ്രത്യേക വിഭാഗത്തെ സജ്ജമാക്കി അന്വേഷണം ഊർജ്ജിതപ്പെടുത്തുവാൻ തയ്യാറാകുമോ?

(എ) മുതൽ (സി) വരെ — 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമം സെക്ഷൻ 19 പ്രകാരം നിയമത്തിലെ വ്യവസ്ഥകൾ പാലിക്കുന്നു എന്ന ഉറപ്പാക്കുന്നതിനായി സബ് ഇൻസ്പെക്ടറുടെ പദവിയിൽ താഴെയല്ലാത്ത പോലീസുദ്യോഗസ്ഥന് ഏതെങ്കിലും പരിസരത്ത് പ്രവേശിക്കുകയും പരിശോധന നടത്തുകയും ചെയ്യാവുന്നതും ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ എന്തെങ്കിലും പ്രവർത്തനത്തിന് ഉപയോഗിച്ചതോ ഉപയോഗിച്ചതായി കരുതപ്പെടാവുന്നതോ ആയ ഏതെങ്കിലും യാനമോ വാഹനമോ മറ്റു വാഹനസൗകര്യമോ യന്ത്രോപകരണങ്ങളോ പിടിച്ചെടുക്കാവുന്നതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് 48 മണിക്കൂറുകൾക്കം ജില്ലാകളക്ടർക്ക് നൽകേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ഈ നിയമം പ്രയോജന പ്രദമാണ്. ഇതനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ